**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1172** | **12-06-2024 - ൽ മറുപടിയ്ക്ക്**

**അജാനൂർ ഫിഷിംഗ് ഹാർബർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അജാനൂർ ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ചിത്താരി കടപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 30/03/2013 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 260/13/മ.ന്തു.വ പ്രകാരം 53.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഭാഗമായി പ്രീ-മൺസൂൺ സമയത്തെ സർവ്വെ പ്രവൃത്തികളും, പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വെ പ്രവൃത്തികളും ബീച്ച് പ്രൊഫൈൽ, ബീച്ച് ക്രോസ് സെക്ഷൻ, ബെഡ് വാട്ടർ സാമ്പിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, ടോപോഗ്രഫിക് സർവ്വെ, വിൻഡ് ആന്റ് വേവ് ഒബ്സർവേഷൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് CWPRS പൂനെ ടി പ്രവൃത്തിയുടെ മാത്തമറ്റിക്കൽ മോഡൽ സ്റ്റഡി നടത്തിയതിന്റെ ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ട് നവംബർ 2016 ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം 101.33 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളതും പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.<br><br>തുടർന്ന് 26/03/2022, 27/03/2022 തീയതികളിൽ നടന്ന പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതികളുടെ ടെക്നിക്കൽ സ്ക്രൂട്ടണി കമ്മിറ്റിയിലും പ്രോജക്ട് സാംഗ്ഷനിംഗ് കമ്മിറ്റിയിലും മേൽ പദ്ധതി പരിഗണിച്ചിരുന്നു. എന്നാൽ ഭാവി വികസനം കൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയയുടെ വലിപ്പം കൂട്ടുന്നതിനും ബ്രേക്ക് വാട്ടർ ക്രോസ് സെക്ഷൻ അന്തിമമാക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | | | flume സ്റ്റഡി നടത്തുന്നതിനും ചിത്താരിപ്പുഴയിലെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അലൈൻമെന്റ്, മാതൃകാപഠനം നടത്തി അന്തിമമാക്കുന്നതിനും ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചു. അതിൻപ്രകാരം മാതൃകാപഠനം നടത്തുന്നതിനായി സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) നെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ ബേസിൻ ഏരിയ വലിപ്പം കൂട്ടുന്നതിനുള്ള സ്റ്റഡി റിപ്പോർട്ട് ജൂലൈ 2022ലും flume സ്റ്റഡി റിപ്പോർട്ട് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) ൽ നിന്നും നവംബർ 2023 നും ലഭ്യമായിട്ടുണ്ട്. റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അന്തിമ പഠന റിപ്പോർട്ട് കൂടി ലഭ്യമാക്കേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് തിരുവനന്തപുരം (NCESS) എന്ന സ്ഥാപനത്തെയും പരിസ്ഥിതി ആഘാത പഠനം തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് അൾട്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തുകയും ആയത് പുരോഗമിക്കുകയും ചെയ്യുന്നു.<br><br>പൂനെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) -ൽ നേരിൽ ചെന്ന് റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളും പൂർത്തീകരിക്കാനുള്ള നടപടികളും വിശദമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ചിത്താരി കടപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 30/03/2013 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 260/13/മ.തു.വ പ്രകാരം 53.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഭാഗമായി പ്രീ-മൺസൂൺ സമയത്തെ സർവ്വെ പ്രവൃത്തികളും, പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വെ പ്രവൃത്തികളും ബീച്ച് പ്രൊഫൈൽ, ബീച്ച് ക്രോസ് സെക്ഷൻ, ബെഡ് വാട്ടർ സാമ്പിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, ടോപോഗ്രഫിക് സർവ്വെ, വിൻഡ് ആന്റ് വേവ് ഒബ്സർവേഷൻ, |

സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് CWPRS പൂനെ ടി പ്രവൃത്തിയുടെ മാത്തമറ്റിക്കൽ മോഡൽ സ്റ്റഡി നടത്തിയതിന്റെ ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ട് നവംബർ 2016 ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം 101.33 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളതും പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

തുടർന്ന് 26/03/2022, 27/03/2022 തീയതികളിൽ നടന്ന പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതികളുടെ ടെക്നിക്കൽ സ്ക്രൂട്ടണി കമ്മിറ്റിയിലും പ്രോജക്റ്റ് സാംഗ്ഷനിംഗ് കമ്മിറ്റിയിലും മേൽ പദ്ധതി പരിഗണിച്ചിരുന്നു. എന്നാൽ ഭാവി വികസനം കൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയയുടെ വലിപ്പം കൂട്ടുന്നതിനും ബ്രേക്ക് വാട്ടർ ക്രോസ് സെക്ഷൻ അന്തിമമാക്കുന്നതിനുമായി flume സ്റ്റഡി നടത്തുന്നതിനും ചിത്താരിപ്പുഴയിലെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അലൈൻമെന്റ്, മാതൃകാപഠനം നടത്തി അന്തിമമാക്കുന്നതിനും ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചു. അതിൻപ്രകാരം മാതൃകാപഠനം നടത്തുന്നതിനായി സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) നെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ ബേസിൻ ഏരിയ വലിപ്പം കൂട്ടുന്നതിനുള്ള സ്റ്റഡി റിപ്പോർട്ട് ജൂലൈ 2022ലും flume സ്റ്റഡി റിപ്പോർട്ട് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) ൽ നിന്നും നവംബർ 2023 നും ലഭ്യമായിട്ടുണ്ട്. റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അന്തിമ പഠന റിപ്പോർട്ട് കൂടി ലഭ്യമാക്കേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് തിരുവനന്തപുരം (NCESS) എന്ന സ്ഥാപനത്തെയും പരിസ്ഥിതി ആഘാത പഠനം തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് അൾട്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തുകയും ആയത് പുരോഗമിക്കുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | പൂനെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) -ൽ നേരിൽ ചെന്ന് റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ